പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 172 | 14.08.2017 -ൽ മറുപടിക്ക്.

## ഭക്ഷ്യഭദ്രതാ നിയമം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്**<br>**ശ്രീ.പി.ബി. അബ്ദുൽ റസ്സാക്ക്**<br>**ശ്രീ.എൻ. ഷംസുദ്ദീൻ**<br>**ശ്രീ.പി.കെ.അബ്ദു റബ്ബ്** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് ഭക്ഷ്യഭദ്രതാ നിയമം നടപ്പിലാക്കിയപ്പോൾ റേഷൻ വിഹിതത്തിൽ കേന്ദ്ര സർക്കാർ കുറവു വരുത്തുകയുണ്ടായോ : | (എ) ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കിയപ്പോൾ റേഷൻ വിഹിതത്തിൽ കേന്ദ്ര സർക്കാർ കുറവു വരുത്തുകയുണ്ടായി. അനുവദിച്ചിരുന്ന 16.00 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യം 14.25 ലക്ഷം മെട്രിക് ടൺ ആയി കുറച്ചു. |
| (ബി) എങ്കിൽ ഇതിന്റെ ഫലമായി പൊതു വിപണിയിൽ അരിയുടെ വിലയിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ :<br>(സി) പൊതുവിപണിയിലെ അരിവില കുറയ്ക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ? | (ബി) & (സി) റേഷൻ ഭക്ഷ്യധാന്യങ്ങളിൽ ഉണ്ടായ കുറവ് അരി വില വർദ്ധനവിന് ഒരു കാരണമായിട്ടുണ്ട്. വില വർദ്ധനവിന്റെ അടിസ്ഥാന കാരണം പരിശോധിക്കുന്നതിനായി സംസ്ഥാന തലത്തിൽ പ്രൈസ് മോണിറ്ററിംഗ് സെൽ രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. പൊതുവിപണിയിലെ അരി വില നിയന്ത്രണാധീനമാക്കുന്നതിനായി മാർക്കറ്റ് ഇടപെടൽ ശക്തമാക്കുകയും സബ്സിഡി നിരക്കിൽ മട്ടയരി, പച്ചരി, കുറുവ അരി, ജയ അരി എന്നീ ജനപ്രിയ ഇനം അരിയ്ക്കു പുറമെ ആന്ധ്രാ ഇതര ജയ അരി, ഒ.എം.എസ്.എസ് പുഴുക്കലരി/പച്ചരി എന്നിവ എല്ലാ സപ്ലൈകോ വില്പനശാലകളിലൂടെയും വിതരണം ചെയ്തു വരുന്നു. പൊതു വിപണിയിൽ അരിവില വർദ്ധനവുള്ള സാഹചര്യത്തിൽ പ്രത്യേകം അരിക്കടകൾ നടത്തിയും. അരി വിൽപ്പനയ്ക്കായി പ്രത്യേക കൗണ്ടറുകൾ തുറന്നും കൂടുതൽ സ്റ്റോക്കെത്തിച്ചും സാധ്യമായ എല്ലാ നടപടികളും സപ്ലൈകോ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സബ്സിഡിയിൽ വിൽക്കുന്ന അരിയ്ക്ക് അളവ് നിയന്ത്രണം ഉള്ളതിനാൽ പൊതു വിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലക്കുറവിൽ ആവശ്യാനുസരണം അരി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി ഫ്രീസെയിൽ സബ്സിഡി നിരക്കിലും എല്ലായിനം അരിയും സപ്ലൈകോ വില്പനശാലകളിൽ ലഭ്യമാക്കിയിട്ടുണ്ട്. അരി വില വർദ്ധിക്കുന്ന സ്ഥിതി വിശേഷം വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ അരി മില്ല് ഉടമകളും ബ്രോക്കർമാരും ലോബിയായി പ്രവർത്തിക്കുന്നത് ഒഴിവാക്കുന്നതിനായി ആന്ധ്രാ പ്രദേശിലെ മില്ല് ഉടമകളുമായി പ്രശ്ന പരിഹാരം സംബന്ധിച്ച് ചർച്ച നടത്തി അരിയുടെ വില കൃത്രിമമായി വർദ്ധിപ്പിക്കുന്നത് തടയുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ